(ബി) അവർക്ക് ആവശ്യമുള്ള മരുന്നിന്റെ 50% സബ്സിഡി നൽകാൻ തയ്യാറാകുമോ;

(സി) പ്രസ്തുത വ്യക്തികൾക്ക് പെൻഷൻ നൽകാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) ശസ്ത്രക്രിയക്കുശേഷം മരുന്നു വാങ്ങാൻ സാമ്പത്തിക സഹായം നൽകുന്നതിന് പദ്ധതികളൊന്നും നിലവിലില്ല. എങ്കിലും മെഡിക്കൽ കോളേജ് ആശുപത്രി വികസന സമിതികൾ ഇപ്രകാരം സാമ്പത്തിക സഹായം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും അതനുസരിച്ച് കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രി വികസന സമിതി നിർദ്ധനരായ ഒരു രോഗിക്ക് പതിനായിരം രൂപ നൽകുകയും ചെയ്തിട്ടുണ്ട്.

(ബി ആന്റ് സി) ഇവ ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

കണ്ണൂർ ജില്ലയിലെ ലേഡി ഹെൽത്ത് ഇൻസ്പെക്ടർമാരുടെ ഒഴിവുകൾ

178 [1654] ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ ആരോഗ്യ വകുപ്പിൽ ലേഡി ഹെൽത്ത് ഇൻസ്പെക്ടർമാരുടെ എത്ര ഒഴിവുകളുണ്ട്;

(ബി) ഈ ഒഴിവുകളിലേക്ക് ജൂനിയർ പബ്ളിക് ഹെൽത്ത് നേഴ്സുമാരെ പ്രമോട്ട് ചെയ്ത് നിയമനം നടത്താൻ വേണ്ട നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിൽ ആരോഗ്യ വകുപ്പിൽ നിലവിൽ 22 ലേഡി ഹെൽത്ത് ഇൻസ്പെക്ടർമാരുടെ ഒഴിവുകളുണ്ട്.

(ബി) ഈ ഒഴിവുകളിലേക്ക് ജൂനിയർ പബ്ളിക് ഹെൽത്ത് നേഴ്സുമാരെ പ്രമോട്ട് ചെയ്ത് നിയമനം നടത്താൻ വേണ്ട നടപടികൾ ആരോഗ്യ വകുപ്പ് ഡയറക്ടർ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly